പ്രഭാഷണം

ടി. ആരിഫലി

# കൃഷി ഒരു പുണ്യകർമം

**അല്ലാഹുവിന്റെ** അപാരമായ അനുഗ്രഹത്താൽ നമ്മുടെ നാടും കാടും വരണ്ടുണങ്ങുന്നതിനു മുമ്പുതന്നെ കാലവർഷം വന്നെത്തിയിരിക്കുകയാണ്. നേരത്തേതന്നെ വന്നെത്തുകയും നമുക്കൊക്കെ സമാധാനം ചൊരിയുകയും ചെയ്ത അല്ലാഹുവിന്റെ ഈ കാരുണ്യത്തിന് നാം നന്ദി പറയുക- *അൽഹംദുലില്ലാഹ്*.

അതേയവസരം കാലവർഷത്തിന്റെ അനുഗ്രഹത്തോടൊപ്പം ചില പരീക്ഷണങ്ങളും ശിക്ഷകളും മനുഷ്യസമൂഹത്തിന് വന്നെത്തുക എന്നതും സ്വാഭാവികമാണ്. അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹമായ സൂര്യപ്രകാശവും വായുവും വെള്ളവും ഭൂമിയും സസ്യലതാദികളും തന്നെയാണ് പലപ്പോഴും മനുഷ്യന് പരീക്ഷണമായി കലാശിക്കാറുമുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ നാം ചെയ്യേണ്ടത് അല്ലാഹുവിന്റെ അനുഗ്രഹത്തിനു വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുകയും അവൻ ചെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുകയും ഈ അനുഗ്രഹങ്ങളോടൊപ്പം ശിക്ഷയും പരീക്ഷണങ്ങളും വന്നുപോവാതിരിക്കാൻ അല്ലാഹുവോട് നിരന്തരമായി പ്രാർഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹു നമുക്ക് ധാരാളമായി മഴ വർഷിപ്പിച്ചുതരുമാറാകട്ടെ; റഹ്മത്തിന്റെയും ബർകത്തിന്റെയും മഴ, ശിക്ഷയുടെയും പരീക്ഷണത്തിന്റെയും മഴയല്ല.

ഏതൊരു സമ്പദ്ഘടനയിലും കുറേ വരുമാനമാർഗങ്ങളുണ്ടാകും. വ്യാപാരം, വ്യവസായം, ശാരീരികാധ്വാനം, വാടകകളും മറ്റു വരുമാനമാർഗങ്ങളും.... ഇങ്ങനെയുള്ള വരുമാന മാർഗങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട, പ്രഥമ പരിഗണന നൽകേണ്ട വരുമാന മാർഗമാണ് കൃഷി. യഥാർഥ വരുമാനം കൃഷിയാണ്.

അല്ലാഹു ആകാശത്തുനിന്ന് ഇറക്കുന്ന മഴ കൊണ്ട്, അല്ലാഹു ഈ പ്രപഞ്ചത്തിൽ സംവിധാനിച്ചിട്ടുള്ള ലവണങ്ങൾ കൊണ്ട്, അല്ലാഹു തന്നെ നൽകുന്ന സൂര്യപ്രകാശം എന്ന മഹത്തായ അനുഗ്രഹം കൊണ്ട്, നമ്മുടെ തുടക്കം കൊണ്ട് മാത്രം, ചിലപ്പോൾ നമ്മുടെ തുടക്കം പോലുമില്ലാതെ വൃക്ഷലതാദികൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളെയാണ് നാം കാർഷിക വിഭവങ്ങൾ എന്നു പറയുന്നത്. കാർഷിക വിഭവങ്ങളുടെ വ്യവസായശാല നമ്മൾ പണി കഴിപ്പിക്കുന്നതല്ല, അത് അല്ലാഹു തന്നെ പണി കഴിപ്പിച്ചിട്ടുള്ളതാണ്. ആ വ്യവസായശാലയിൽനിന്ന് പ്രപഞ്ചത്തിലെ വിവിധ പ്രതിഭാസങ്ങളെയും വസ്തുക്കളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് സസ്യലതാദികൾ തന്നെ അവ ഉൽപാദിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് യഥാർഥ ഉൽപാദനം കൃഷിയാണ്. കാർഷിക വിഭവങ്ങളെയും ഭൂമിയിൽനിന്നും പ്രകൃതിയിൽനിന്നും കിട്ടുന്ന മറ്റു വിഭവങ്ങളെയും ഉൾച്ചേർത്തുകൊണ്ട് അവയെ തരംമാറ്റുന്ന പ്രക്രിയയെയാണ് നാം വ്യവസായം എന്നു പറയുന്നത്.

അപ്പോൾ കൃഷി നേരിട്ടുള്ള ഉൽപാദനമാണ്; വ്യവസായം ഉൽപന്നങ്ങളെ തരംമാറ്റുന്ന പ്രക്രിയയാണ്. ഉണ്ടാക്കപ്പെട്ട ഉൽപന്നങ്ങളെ കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയെയാണ് നാം വ്യാപാരം എന്നു പറയുന്നത്. അപ്പോൾ വ്യാപാരത്തേക്കാളും വ്യവസായത്തേക്കാളും അടിത്തറയുള്ള വരുമാനമാർഗമാണ് കൃഷി. കാർഷിക വിഭവങ്ങളില്ലാത്ത, സസ്യലതാദികളില്ലാത്ത ഭൂമി മരിച്ച ഭൂമിയാണ്. ആ തരിശുനിലം ചിലപ്പോൾ മരുഭൂമിയായി പരിവർത്തിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ഒരു ലോക പരിസ്ഥിതിദിനത്തിന്റെ മുദ്രാവാക്യം 'തരിശായിക്കിടക്കുന്ന ഭൂമി മരുഭൂമിയാകാതെ സൂക്ഷിക്കണം' എന്നതായിരുന്നു. അപ്പോൾ സസ്യലതാ

ദികൾ മുളക്കുന്നില്ലെങ്കിൽ, ഭൂമിയിൽ കൃഷി നടക്കുന്നില്ലെങ്കിൽ അത് തരിശായിക്കിടക്കുമെന്നു മാത്രമല്ല, ആ തരിശു നിലം പതിറ്റാണ്ടുകളിലൂടെയോ നൂറ്റാണ്ടുകളിലൂടെയോ മരുഭൂമിയായി പരിണമിച്ചു പോവുകയും ചെയ്യും.

### പച്ചപ്പിനെ ഉപേക്ഷിക്കുമ്പോൾ കൃഷിയെ ഉപേക്ഷിക്കുന്നു

അല്ലാഹു മഴ എന്ന അനുഗ്രഹത്തെ സംബന്ധിച്ച് പറഞ്ഞപ്പോഴൊക്കെ *ഫഅഹ്‌യാ ബിഹിൽ അർദ* എന്നാണ് പറഞ്ഞത്. 'മഴ കൊണ്ട് ഭൂമിയെ ജീവിപ്പിക്കുകയാണ്' അല്ലാഹു ചെയ്യുന്നത്. മഴ വർഷിക്കുമ്പോൾ ചെറിയ മുകുളങ്ങൾ പൊട്ടിമുളക്കുന്നു, അവ വളർന്നു വലുതാകുന്നു; പച്ച പിടിക്കുന്നു. ഭൂമി പച്ചപിടിക്കുന്നതോടുകൂടി സംഭവിക്കുന്നത്, ഭൂമിക്ക് ജീവൻ വെക്കുകയാണ്. പച്ചപിടിക്കുമ്പോൾ ജീവൻ വെക്കുന്നു എന്നതിനർഥം പച്ച നഷ്ടപ്പെടുമ്പോൾ ഭൂമി മരിച്ചുപോകുന്നു എന്നാണ്. *ഫഅഹ്‌യാ ബിഹിൽ അർദ ബഅ്ദ മൗതിഹാ-* ഭൂമി മരിച്ചതിനു ശേഷം അല്ലാഹു വീണ്ടും അതിന് ജീവൻ നൽകുകയാണ് മഴ വർഷിപ്പിക്കുന്നതിലൂടെ ചെയ്യുന്നത്. ഈ ആയത്തുകൾ ശ്രദ്ധിക്കുക: *ഫൽ യൻദുരിൽ ഇൻസാനു ഇലാ ത്വആമിഹീ-* മനുഷ്യൻ അവന്റെ ഭക്ഷണത്തിലേക്ക് നോക്കട്ടെ. *അന്നാ സ്വബബ്നൽ മാഅ സ്വബ്ബാ-* നാമാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞത്. ശക്തമായ ഒരു ചൊരിച്ചിൽ ചൊരിഞ്ഞു എന്ന അർഥത്തിലാണ് *സ്വബബ്നൽ മാഅ സ്വബ്ബാ* എന്നു പറഞ്ഞത്. പതുക്കെ ഒഴുക്കുന്നതിനല്ല *സബ്ബ* എന്ന പദം പ്രയോഗിക്കുക. ഒന്നാകെ, ഒരു പാത്രത്തിൽ കൊണ്ടുവന്ന് ചൊരിയുന്നതിനാണ്. കഴിഞ്ഞ ദിവസങ്ങളിൽ നമ്മളനുഭവിച്ച മഴ പോലെ. തുള്ളിക്കൊരു കുടമെന്നവണ്ണം ആകാശത്തുനിന്നുള്ള ചൊരിച്ചിൽ. *സുമ്മ ശഖഖ്നൽ അർദ ശഖ്ഖാ-* പിന്നീട് നാം ഭൂമിയെ പിളർത്തുകയും ചെയ്തു. ഭൂമി പിളരുക എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്, വളരെ ഉറച്ച നിലംപോലും ഏറ്റവും ദുർബലമായ ഒരു വിത്തിന്റെ, അതിനേക്കാൾ ദുർബലമായ ഒരു മുകുളം പുറത്തുകടക്കുന്നതിന് വായ് പിളർന്ന് സൗകര്യം ചെയ്തുകൊടുക്കുന്ന പ്രക്രിയയെയാണ്. ചിലപ്പോൾ നാം നമ്മുടെ കൈ കൊണ്ട് ബലം പ്രയോഗിച്ച് മാന്തിയാൽ പോലും പിളർന്നുതരാത്ത ഭൂമി, കട്ടപ്പാരയെടുത്ത് കുത്തിയാൽ പോലും പിളർന്നുതരാത്ത ഭൂമി ഏറ്റവും ദുർബലമായ ഒരു വിത്തിന്റെ അതിനേക്കാളും ദുർബലമായ ഒരു മുകുളത്തിനു വേണ്ടി, അതു പൊട്ടി മുളക്കാൻ വേണ്ടി സൗകര്യം ചെയ്തുകൊടുത്തുകൊണ്ട് പിളരുന്ന അവസ്ഥയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്.

*ഫഅൻബത്നാ ഫീഹാ ഹബ്ബാ-* അങ്ങനെ അല്ലാഹു ഭൂമിയിൽ ധാന്യം മുളപ്പിക്കുന്നു. *വ ഇനബൻ വ ഖദ്ബാ-* മുന്തിരിയും പച്ചക്കറികളും, *വസൈതൂനൻ വ നഖ്‌ലാ-* ഒലിവു മരവും ഈന്തപ്പനയും, *വഹദാഇഖ ഉൽബാ-* തിങ്ങിനിറഞ്ഞുനിൽക്കുന്ന തോട്ടങ്ങളും, *വഫാകിഹതൻ വ അബ്ബാ-* പഴവർഗങ്ങളും മേച്ചിൽപുല്ലുകളും, *മതാഅൻ ലകും-* നിങ്ങൾക്കു വേണ്ടി, *വലി അൻആമികും-* നിങ്ങളുടെ കാലികൾക്കു വേണ്ടി. അടിസ്ഥാനപരമായി നാം ആഹരിക്കുന്നത് ഈ സസ്യലതാദികൾ ഉൽപാദിപ്പിക്കുന്ന ധാന്യവിളകളും കാർഷിക വിളകളുമാണ്. അല്ലെങ്കിൽ നാം തിന്നുന്ന മാംസം ഏതു മൃഗത്തിന്റേതാണോ ആ മൃഗം തിന്നുന്നത് അതാണ്. ഒന്നുകിൽ സസ്യലതാദികളുടെ ഉൽപന്നങ്ങൾ നാം നേരിട്ട് ഭക്ഷിക്കുന്നു. അല്ലെങ്കിൽ അത് ഭക്ഷിക്കുന്ന കാലികളെയും പക്ഷികളെയും നാം ഭക്ഷിക്കുന്നു. അപ്പോൾ നമ്മുടെ അടിസ്ഥാന ഭക്ഷ്യവിഭവം ഈ ഭൂമിയിൽനിന്ന് ലഭിക്കുന്ന വിളകളാണെന്ന് മനസ്സിലാക്കണം. അവയുടെ ഉൽപന്നമാണ്, ഉൽപാദനമാണ് യഥാർഥത്തിൽ ഉൽപാദനം. ഇന്റേണൽ ഇൻകം എന്നു നാം പറയാറില്ലേ; ഭൂമിയിൽനിന്ന് ഉണ്ടാക്കിയെടുക്കേണ്ട വരുമാനം. ആഭ്യന്തരമായി നമുക്ക് ലഭിക്കുന്ന വരുമാനം. ആ വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് കൃഷിയാണ്. അതടഞ്ഞുപോയാൽ പിന്നെ സ്രോതസ്സ് ഇല്ല എന്നു മനസ്സിലാക്കണം.

പക്ഷേ ഇത്ര വലിയൊരു പ്രാധാന്യം നമ്മുടെ മനസ്സിൽ കൃഷിക്കുണ്ടോ എന്നു സംശയമാണ്. കൃഷിയെ നാം ഉപേക്ഷിക്കുന്നു. വ്യവസായങ്ങളിലേക്കും വ്യാപാരങ്ങളിലേക്കും തിരിയുന്നു. ഗ്രാമങ്ങളെ നാം ഉപേക്ഷിക്കുന്നു; പട്ടണങ്ങളിൽ ചേക്കേറുന്നു. പച്ചപ്പിനെ നാം ഉപേക്ഷിക്കുന്നു; സിമന്റ് സൗധങ്ങളെ പുൽകുകയും ചെയ്യുന്നു. മനുഷ്യനാഗരികത തെറ്റായ ദിശയിലേക്കാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളതിന് വേറെ തെളിവുകൾ ആവശ്യമില്ല.

### വ്യാപാരത്തേക്കാൾ പ്രാധാന്യം കൃഷിക്ക്

മക്കയിൽ ജീവിച്ചിരുന്ന ആളുകൾ കച്ചവടത്തിന് പ്രാധാന്യം നൽകിയവരായിരുന്നു. പക്ഷേ, റസൂലുല്ലാഹി(സ) ഹിജ്റ ചെയ്ത് മദീനയിൽ സ്ഥിരതാമസമാക്കിയതിനു ശേഷം, പ്രവാചകന്റെ മുഹാജിറുകളായ അനുയായികൾ പോലും കൃഷിയിലേക്ക് തിരിയുന്നതു കാണാം. പ്രവാചകനും കിബാറുസ്സ്വഹാബത്ത് എന്നു പറയുന്ന പ്രമുഖരായ അനുയായികളുമടക്കം മക്കയിൽനിന്ന് മദീനയിലേക്ക് കുടിയേറിപ്പാർത്ത ആളുകൾ, മദീനാ നിവാസികളുടെ വിശാലമായ കൃഷിയിടങ്ങളിൽനിന്ന് പങ്കുവാങ്ങുകയും അതിൽ കൃഷി ചെയ്ത് അതിന്റെ ആദായം ഓഹരിവെച്ച് ഭൂവുടമകൾക്ക് നൽകുകയും ചെയ്തിരുന്നു. റസൂൽ(സ) അതിന് മാതൃക കാണിച്ചു. റസൂൽ തന്നെ പല കൃഷിയിടങ്ങളും മുഹാജിറുകളായ ആളുകൾക്ക് വാടകക്ക് വാങ്ങിക്കൊടുത്തു. കൂട്ടുകച്ചവടത്തിന്റെ അടിസ്ഥാനത്തിൽ, ഭൂവുടമക്കും കർഷകന്നും കിട്ടുന്ന ആദായം പങ്കുവെക്കുന്ന കൂട്ടുകൃഷി സമ്പ്രദായത്തിന്റെ അന്തരീക്ഷത്തിൽ കൃഷി നടത്താനുള്ള മാതൃക റസൂൽ(സ) കാണിച്ചുവെന്ന് മാത്രമല്ല, സ്വഹാബിമാർക്ക് സ്ഥലം വാങ്ങിക്കൊടുത്തുകൊണ്ട് കൃഷിക്ക് പ്രോത്സാഹനം നൽകുകയും ചെയ്തു. റസൂലി(സ)ന് അറിയാമായിരുന്നു, മക്കയെപ്പോലെ വരണ്ടു കിടക്കുന്ന ഭൂമിയല്ല മദീന; അത് കുറേകൂടി ഫലഭൂയിഷ്ടമായ ഭൂമിയാണ്. അതുകൊണ്ട് വ്യാപാരത്തേക്കാൾ പ്രാധാന്യം കൃഷിക്കാണെന്ന് മനസ്സിലാക്കി റസൂൽ(സ) അൻസ്വാറുകളെയും മുഹാജിറുകളെയും കൂട്ടി ഒരു നല്ല കൂട്ടുകൃഷി സമ്പ്രദായത്തിന് അവിടെ തുടക്കം കുറിക്കുകയായിരുന്നു. ഇതിൽനിന്ന് കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കാൻ കഴിയും.

ഇനി, ആലോചിച്ചുനോക്കൂ; ഒരു മരം നടുക എന്നതിന് എത്ര വലിയ പ്രാധാന്യമാണ് ഇസ്‌ലാം നൽകിയതെന്ന്. ഒരിക്കൽ റസൂൽ(സ) പറഞ്ഞു: ഒരാൾ *സുബ്ഹാനല്ലാഹിൽ അളീം വബിഹംദിഹി* എന്നു പറഞ്ഞാൽ അയാൾക്കു വേണ്ടി സ്വർഗത്തിൽ ഒരു ഈത്തപ്പന നടും. നിങ്ങൾ ഭൂമിയിൽ വെച്ച് *സുബ്ഹാനല്ലാഹിൽ അളീം വബിഹംദിഹി* എന്നു പറയുന്നുണ്ടെങ്കിൽ അല്ലാഹു പരലോകത്ത് സ്വർഗത്തിൽ നിങ്ങൾക്കുവേണ്ടി ഒരു ഈത്തപ്പന നട്ടിരിക്കും. ഈത്തപ്പന നടുന്നതിന്റെ പ്രാധാന്യം ഭൂമിയിൽ അറ്റുപോകുന്നില്ലെന്നും സ്വർഗത്തിൽ പോലും അതിന് പ്രാധാന്യമുണ്ടെന്നും റസൂൽ(സ) ഇസ്‌ലാമികസമൂഹത്തെ പഠിപ്പിക്കുകയാണ്. ഒരു മരം നടീലിന്റെ സവിശേഷത അവർക്ക് പറഞ്ഞുകൊടുക്കുക കൂടിയാണ് ചെയ്യുന്നത്. ഇത് പരലോകത്ത് നടക്കുന്ന ഒരു കാര്യത്തെക്കുറിച്ച് മാത്രമല്ല.

മറ്റൊരു ഹദീസ് നമുക്ക് വളരെ സുപരിചിതമാണ്: *ഇൻ ഖാമത്തിസ്സാഅഃ-* അന്ത്യദിനം ആഗതമായാൽ; അന്ത്യദിനത്തിന്റെ എല്ലാ ലക്ഷണങ്ങളും വന്നുകഴിഞ്ഞിരിക്കുന്നു.

സൂര്യൻ പടിഞ്ഞാറുനിന്ന് ഉദിക്കാൻ തുടങ്ങുന്നു. ഭൂമിയിലും ആകാശത്തും അതിന്റേതായ മാറ്റങ്ങൾ വരുന്നു. ഖിയാമത്ത് നാൾ ആരംഭിച്ചു എന്ന് നമുക്ക് മനസ്സിലായി. റസൂൽ(സ) പറയുന്നു: *ഫീ യദി അഹദികും ഫസീല ഫമനിസ്തത്അ അല്ലാ യഖൂമ അല്ലാ യഗ്റുസഹാ ഫൽ യഗ്റുസഹാ-* ഒരാൾക്ക് ഖിയാമത്ത് നാളിൽ ഒരു ഈത്തപ്പന നടാൻ സാവകാശം കിട്ടുകയാണെങ്കിൽ അയാൾ അത് നടുകയാണ് വേണ്ടത്. ഈത്തപ്പന നട്ടാൽ അതിൽനിന്ന് വിളവെടുക്കാൻ വർഷങ്ങൾ കഴിയണം. താൻ വിളവെടുക്കുന്നുണ്ടോ, തനിക്ക് വിളവെടുക്കാൻ കഴിയുമോ, തന്റെ സമൂഹത്തിൽ വേറെയാർക്കെങ്കിലും വിളവെടുക്കാൻ കഴിയുമോ എന്നല്ല നോട്ടം. മറിച്ച്, തന്റെ കൈയിൽ ഒരു ഈത്തപ്പനത്തൈ ഉണ്ടാവുകയും തനിക്കത് നടാൻ അവസരം കിട്ടുകയും ചെയ്തിട്ടുണ്ടെങ്കിൽ; അത് തനിക്കുപകാരപ്പെടുമോ, തന്റെ കുട്ടികൾക്ക് ഉപകാരപ്പെടുമോ, മനുഷ്യസമൂഹത്തിലോ ജന്തുജാലങ്ങളിലോ ആർക്കെങ്കിലും ഉപകാരപ്പെടുമോ എന്നു നോക്കേണ്ടതില്ല, തന്റെ ബാധ്യത ആ തൈ അങ്ങു നടുന്നതിലാണ് എന്ന് റസൂൽ(സ) പഠിപ്പിക്കുകയാണ്. ഇതാണ് മരം നടുന്നതിന്റെയും കൃഷി ചെയ്യുന്നതിന്റെയും പ്രാധാന്യം.

ഉമർ(റ) തന്റെ പിതാവിനോട് പറഞ്ഞു: 'പിതാവേ, താങ്കളുടെ ഭൂമിയിൽ താങ്കൾ കൃഷി ചെയ്യുകതന്നെ വേണം.' അദ്ദേഹം പറഞ്ഞു: 'എനിക്ക് പ്രായമായി, ഇനി എനിക്കു കൃഷി ചെയ്യാൻ കഴിയില്ല, ഞാൻ ഇന്നോ നാളെയോ മരിച്ചുപോകും.' അപ്പോൾ ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ തീരുമാനമെടുത്തേ പറ്റൂ.' ആ ഭൂമിയിൽ ഞാൻ കൃഷി ചെയ്തിരിക്കും എന്നു പറഞ്ഞ് പിതാവിന്റെ കൈ പിടിച്ച് പല തരത്തിലുള്ള തൈകളുമായി കൃഷിയിടത്തിലേക്ക് പോയി പിതാവിന്റെ സാന്നിധ്യത്തിൽ ഉമർ(റ) തന്നെ ആ തൈകൾ നട്ടു എന്നാണ് പറയുന്നത്.

മറ്റൊരു സ്വഹാബി വളരെ പ്രായം ചെന്ന, എഴുന്നേറ്റു നിൽക്കാൻ പോലും സാധ്യമല്ലാത്തയാളാണ്. ആ സമയത്ത് അദ്ദേഹം കൃഷിയിടത്തിലേക്ക് പോയി തൈ നട്ടുകൊണ്ടിരിക്കുകയാണ്. വഴിയെ പോകുന്ന ആളുകൾ ചോദിച്ചു: 'അല്ലയോ വൃദ്ധാ, താങ്കളെന്താണ് ചെയ്യുന്നത്. എന്തിനാണ് താങ്കൾ ഈ തൈ നടുന്നത്?' അപ്പോഴദ്ദേഹത്തിന്റെ മറുപടി: *ഗറസ മൻ ഖബ്‌ലനാ ഫനഅ്കുലു ഫനഗ്റുസു സയഅ്കുലു മൻ ബഅ്ദനാ-* നമുക്ക് മുമ്പുള്ളവർ നട്ടു; നാം അതിന്റെ ഫലം ആസ്വദിക്കുന്നു. ഞാൻ നടുന്നു; എനിക്കു ശേഷമുള്ളവർ അതിന്റെ ഫലം ആസ്വദിച്ചിരിക്കും. അപ്പോൾ എനിക്കുപകാരപ്പെടുന്നുണ്ടോ എന്നല്ല നോക്കേണ്ടത്; മറിച്ച് ആർക്കെങ്കിലും ഉപകാരപ്പെടുന്നുണ്ടോ എന്നാണ്. ആർക്ക് ഉപകാരപ്പെട്ടാലും അത് നമുക്കുള്ളതാണ്. ഉപകാരപ്പെട്ടാലും ഇല്ലെങ്കിലും നമ്മുടെ ബാധ്യതയാണ്; ഉപകാരപ്പെടുമെങ്കിൽ അത് ആർക്ക് ഉപകാരപ്പെട്ടാലും തനിക്ക് ഉപകാരപ്പെടുന്നതാണ് എന്നുള്ളൊരു വീക്ഷണം കൃഷിയെ സംബന്ധിച്ചും മരം നടുന്നതിനെ സംബന്ധിച്ചും നമുക്കു വേണം എന്ന് സൂചിപ്പിക്കാനാണ് ഇത് കേൾപ്പിച്ചത്.

## ലാഭമല്ല പ്രധാനം

മരം നടുമ്പോൾ അല്ലെങ്കിൽ കൃഷി ചെയ്യുമ്പോൾ നമ്മൾ ചിന്തിക്കാറുള്ളത് അതിൽനിന്ന് ലാഭം എത്ര കിട്ടും എന്നതാണ്. പലയാളുകളോടും ഭൂമിയുണ്ടായിട്ട് കൃഷി ചെയ്യാത്തതിനെ സംബന്ധിച്ച് ചോദിക്കുമ്പോൾ പറയുന്നത്, അത് വേണ്ടത്ര ലാഭകരമല്ല എന്നാണ്. കാര്യമായ ലാഭമുള്ള കച്ചവടമെന്ന് പറഞ്ഞാൽ സൗന്ദര്യവർധക വസ്തുക്കളാണ്, ലഹരി പദാർഥങ്ങളാണ്, അല്ലെങ്കിൽ കേവലം ഉപഭോഗവസ്തുക്കളാണ്. സമ്പന്നരായ ആളുകൾക്ക് അവരുടെ അടിസ്ഥാനാവശ്യങ്ങൾ കഴിഞ്ഞതിനു ശേഷം ധൂർത്തടിക്കാനുള്ള ഉൽപന്നങ്ങളുണ്ട്. ആ ഉൽപന്നങ്ങളുടെ കച്ചവടവും അവയുടെ വ്യവസായവുമാണ് ലാഭമുള്ളത് എന്നതുകൊണ്ട് കൃഷി ലാഭം കിട്ടാത്ത കാര്യമായിത്തീരുന്നു. ആ ലാഭം കിട്ടാത്ത വിഷയങ്ങളിൽനിന്ന് ആളുകൾ പിന്മാറിപ്പോവുകയും ചെയ്യുന്നു.

യഥാവിധി കൃഷി ചെയ്യുന്നുവെങ്കിൽ, കാർഷിക മേഖലയെ ബോധപൂർവം തെരഞ്ഞെടുക്കുന്നുവെങ്കിൽ, അതിന് മെയ്യും മനസ്സും അറിഞ്ഞ് അധ്വാനിക്കാൻ തയാറാവുന്നുവെങ്കിൽ ഇന്നും കാർഷിക മേഖല നമുക്ക് ലാഭം തരുന്ന മേഖല തന്നെയാണ്; ഒരു സംശയവുമില്ല. നാണ്യവിളകളും ഭക്ഷ്യവിളകളുമെല്ലാം നമുക്ക് ഇപ്പോഴും വരുമാനം ഉണ്ടാക്കിത്തരും. പക്ഷേ, അതിന് നേരത്തേപറഞ്ഞ നിസ്സംഗത പറ്റില്ല. കഠിനമായ അധ്വാനം വേണ്ടിവരും.

ഇനി പ്രത്യക്ഷത്തിലുള്ള വരുമാനം അതിൽനിന്നില്ലെങ്കിലും, അല്ലാഹു അതിനു നൽകിയ പ്രാധാന്യം പരിഗണിക്കുമ്പോൾ, റസൂൽ(സ) അതിനു നൽകിയ പ്രാധാന്യം പരിഗണിക്കുമ്പോൾ നാം കൃഷി നടത്തിയേ പറ്റൂ. 'ആരെങ്കിലും മരം നട്ടു, അത് സൂക്ഷിക്കാനും അതിന്റെ കാര്യങ്ങൾ സംരക്ഷിക്കാനും ക്ഷമ കാണിച്ചു- അത് ഫലം കായ്ക്കുന്നതു വരെ. എങ്കിൽ, അതിൽനിന്ന് ലഭ്യമാകുന്ന എല്ലാം അല്ലാഹുവിങ്കൽ സ്വദഖയാണ്' എന്നാണ് പറയുന്നത്. എല്ലാം എന്ന വാക്ക് അടിവരയിടേണ്ടതാണ്. നമ്മുടെ മനസ്സിൽ പെട്ടെന്നു വരിക അതുകൊണ്ടുണ്ടാകുന്ന ഫലമാണ്. ഒരു മാവ് നട്ടാൽ അതിൽനിന്ന് കിട്ടുന്ന മാങ്ങക്ക് അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലം കിട്ടുമെന്നാണ് നാം വിചാരിക്കുന്നത്. മാങ്ങ മാത്രമാണോ മാവിൽനിന്ന് കിട്ടുന്നത്; ഒരിക്കലുമല്ല. മരങ്ങളിൽനിന്ന്, സസ്യങ്ങളിൽനിന്ന്, വള്ളികളിൽനിന്ന് നമുക്ക് ലഭിക്കുന്നത് ഫലമാണ്, ചിലപ്പോൾ പൂവാണ്. പൂ എന്നത് മനോഹരമായ ഒരു വസ്തുവാണ്. ആളുകൾക്ക് വാസനിക്കാനും ആനന്ദിക്കാനും കുട്ടികൾക്ക് ഉത്തേജനം നൽകാനും അവർക്ക് പ്രകൃതിയുമായി സമരസപ്പെടാനും മനുഷ്യനിലെ സകലമാന മാനവിക വികാരങ്ങളെയും വളർത്തിയെടുക്കാനും സാധ്യമാകുന്ന ഒന്നാണ് പുഷ്പം. ഇലകൾ അനുഗ്രഹമാണ്. അതിൽനിന്ന് കിട്ടുന്ന തടി, വിറക്, ഈ തടിയിൽനിന്നും കായിൽനിന്നും പൂവിൽനിന്നുമുണ്ടാക്കുന്ന മറ്റുൽപന്നങ്ങൾ, നമ്മുടെ പത്രക്കടലാസുകൾ, നമ്മുടെ വസ്ത്രങ്ങൾ, നമ്മളുപയോഗിക്കുന്ന പല തരത്തിലുള്ള ഉപകരണങ്ങൾ എന്നിവയിൽ പലതും നമുക്ക് സസ്യലതാദികളിൽനിന്ന് ലഭിക്കുന്നതാണ്. മരങ്ങൾ നൽകുന്ന ശീതളഛായ നമ്മുടെ കോൺക്രീറ്റ് സൗധങ്ങളേക്കാൾ മനോഹരമാണെന്നറിയണമെങ്കിൽ ഗ്രാമങ്ങളിലൂടെയും കാടുകളിലൂടെയും സഞ്ചരിക്കണം. ആ തണലിനു ചുവട്ടിൽ ആരാണോ വന്നുനിൽക്കുന്നത് അയാൾക്ക് കിട്ടിയ ആശ്വാസവും സമാധാനവും മരം നട്ട ആളെ സംബന്ധിച്ചേടത്തോളം അനുഗ്രഹമാണ്, അല്ലാഹുവിങ്കൽ.

അതുപോലെത്തന്നെ ഒരിക്കലും കണക്കുകൂട്ടാൻ കഴിയാത്തതാണ് സസ്യങ്ങൾ നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന ജീവവായു. അന്തരീക്ഷത്തിൽനിന്ന് കാർബൺ ഡയോക്സൈഡിനെ പിടിച്ചെടുക്കുകയും ഓക്സിജനെ പുറത്തേക്ക് വിടുകയും ചെയ്യുന്ന സസ്യങ്ങളുടെ ആ പ്രക്രിയയുണ്ടല്ലോ, ആ പ്രക്രിയ മനുഷ്യരുടെയും മറ്റു ജന്തുജാലങ്ങളുടെയും ജീവൻ നിലനിർത്താനാവശ്യമായ പ്രക്രിയയാണ്. ഇവയെല്ലാം തന്നെ 'അതിന്റെ ഫലത്തിൽനിന്ന് ലഭിക്കുന്ന എല്ലാ വസ്തുക്കളും' എന്ന റസൂലുല്ലാഹി (സ)യുടെ പരാമർശത്തിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് നാം ഒരു മരം നട്ടാൽ അതിൽനിന്ന് കായ് ലഭിക്കുമ്പോൾ മാത്രമല്ല; ഇലകളും പുഷ്പങ്ങളും പറിച്ചെടുക്കുമ്പോൾ മാത്രമല്ല; തടി വെട്ടിയെടുക്കുമ്പോൾ മാത്രമല്ല, അത് മറ്റുൽപന്നങ്ങളായി നമ്മുടെ

മുമ്പിൽ വരുമ്പോൾ മാത്രമല്ല, ആ മരം അവിടെ നിൽക്കുമ്പോൾ ആർക്കൊക്കെ എങ്ങനെയൊക്കെ ഉപകാരം കിട്ടുമോ അതെല്ലാം അല്ലാഹുവിങ്കൽ ഒരു പുണ്യകർമമായി ഈ മരം നട്ട ആളുടെ പേരിൽ രേഖപ്പെടുത്തും എന്നത് എന്തുമാത്രം ആശാവഹമായ കാര്യമാണ്. പ്രത്യക്ഷത്തിൽ ലാഭകരമല്ലാത്തതാണെങ്കിലും പരലോകത്തേക്കുള്ള ഒരു മുതൽക്കൂട്ടായി നമുക്കതിനെ കാണാൻ കഴിയണം. റസൂൽ(സ) ഒരു ഖബ്റിനടുത്തിരിക്കുകയായിരുന്നു. ഖബ്റിൽ ആളെ മറവു ചെയ്തതിനു ശേഷം ഖബ്റിന്റെ പണി മുഴുവൻ പൂർത്തീകരിച്ചു. റസൂൽ(സ) ഒരു ചെടി കൊണ്ടുവരാൻ കൽപിച്ചു. ആ ചെടി ഖബ്റിനു മുകളിൽ കുത്തി അതിൽ അൽപം വെള്ളം ഒഴിച്ചുകൊണ്ട് റസൂൽ(സ) പറഞ്ഞു: 'ഇതിൽ പച്ചപ്പ് നിലനിൽക്കുവോളം കാലം അല്ലാഹുവിന്റെ അനുഗ്രഹം ഈ മയ്യിത്തിന് ഉണ്ടായിരിക്കും.' ഇതിന്റെ ഗൗരവം നാം മനസ്സിലാക്കേണ്ടതാണ്. മറ്റൊരിക്കൽ റസൂൽ(സ) പറഞ്ഞു: 'ഒരു മുസ്‌ലിമും കൃഷി നടത്തുന്നില്ല; അതിൽനിന്ന് ഭക്ഷിക്കപ്പെടുന്നത് അവന്റെ സ്വദഖയായി, പുണ്യകർമമായി രേഖപ്പെടുത്തപ്പെട്ടിട്ടല്ലാതെ. ഇതിൽനിന്ന് മോഷ്ടിക്കപ്പെട്ടതും അവന് സ്വദഖയായി കൂട്ടപ്പെടും'.

നമ്മൾ സാധാരണ പറയും, ഉണ്ടാക്കിയിട്ട് കാര്യമില്ലെന്ന്. കശുമാങ്ങയുണ്ടാകും, കശുവണ്ടി ആരോ പെറുക്കിക്കൊണ്ടുപോകും. മാങ്ങയുണ്ടാകും പക്ഷേ, ആരോ എറിഞ്ഞ് അതെടുത്തു കൊണ്ടുപോകും. അല്ലെങ്കിൽ ഒന്നും കൃഷി ചെയ്തിട്ട് കാര്യമില്ല. ഒക്കെ ആരോ കട്ടു കൊണ്ടുപോവുകയാണെന്ന് നാം പറയും. പക്ഷേ, *വമാ സുരിഖ മിൻഹു ലഹു സ്വദഖ* -അവയിൽനിന്ന് മോഷ്ടിക്കപ്പെട്ടിട്ടുള്ളത് അവനെ സംബന്ധിച്ചേടത്തോളം സ്വദഖയാണ്. മറ്റേയാൾക്ക് മോഷണത്തിന്റെ കുറ്റം കിട്ടും; അത് വേറെ കാര്യം. അദ്ദേഹത്തിന് അത് സ്വദഖയായിരിക്കും. *വമാ അകലസ്സബ്ഉ മിൻഹു ലഹു സ്വദഖ*- മൃഗങ്ങൾ തിന്നുപോയിട്ടുണ്ടെങ്കിൽ ആ മൃഗങ്ങൾ തിന്നുന്നതും ഇയാൾക്ക് സ്വദഖയാണ്. *വമാ അകലത്തൈ്വറു മിൻഹു ലഹു സ്വദഖ* -പക്ഷികൾ തിന്നുപോയിട്ടുണ്ടെങ്കിൽ അതും ഇയാൾക്ക് സ്വദഖയാണ്. 'അതിൽനിന്ന് എന്ത് എവിടെ എങ്ങനെ കുറവ് വരുന്നുണ്ടോ അതൊക്കെ ഇയാളെ സംബന്ധിച്ചേടത്തോളം സ്വദഖയാണ്'. എന്തൊരു മനോഹരമായ വർത്തമാനമാണീ പറയുന്നത്! കൃഷി നടക്കുകയാണ്; നെൽകൃഷി. ആ നെൽചെടി വളർന്നു വലുതായി വരുന്നതു വരെ എത്ര ജന്തുജാലങ്ങൾക്കാണത് ഉപകാരപ്പെടുന്നത്. അതിനെ ചുറ്റിപ്പറ്റി ജീവിച്ചുകൊണ്ടിരിക്കുന്ന എത്ര ജന്തുജാലങ്ങളുണ്ടെന്ന് ആലോചിച്ചുനോക്കൂ. അവസാനം വിളവെടുക്കാൻ സമയമായാൽ അത് തത്തകൾ കൊണ്ടുപോകും. കാക്കകൾ കൊത്തിപ്പറിക്കുന്നു. കോഴി തിന്നുന്നു. ഉറുമ്പുകൾ അരിച്ചരിച്ച് അവരുടെ ഗേഹങ്ങളിലേക്ക് നെന്മണികൾ കൊണ്ടുപോകുന്നു. ഷഡ്പദങ്ങൾ വന്നിരുന്ന് തിന്നുപോകുന്നു. അങ്ങനെ നോക്കുമ്പോൾ ഈ ജൈവവൈവിധ്യങ്ങൾ നിലനിർത്താനും ഈ പ്രകൃതിയുടെ സന്തോഷകരമായ അവസ്ഥകൾ നിലനിർത്താനും ഉപകാരപ്പെടുന്ന ഒരു സമ്പ്രദായം. ആ സമ്പ്രദായം ഇവിടെ ഉപകാരപ്പെടുന്നു എന്നു മാത്രമല്ല. അതിനെല്ലാം അല്ലാഹുവിങ്കൽ പ്രതിഫലമുണ്ടെങ്കിൽ എന്തിന് അതിൽനിന്ന് വിമ്മിട്ടപ്പെട്ട് മാറി നിൽക്കണമെന്ന് ഗൗരവപൂർവം നാം ആലോചിക്കേണ്ടതുണ്ട്.

റസൂലുല്ലാഹി(സ) പറയുകയാണ്: 'ഏഴു കാര്യങ്ങളുണ്ട്. ആ ഏഴു കാര്യങ്ങൾക്കും മരണശേഷം പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കും: എന്തെങ്കിലും പഠിപ്പിച്ചാലത്, ഒരു നദി കീറിയാലത്, കിണർ കുഴിച്ചാലത്.' അതിൽനിന്നൊക്കെ ആളുകൾക്കും ജന്തുജാലങ്ങൾക്കും എത്ര കാലം അനുഭവം കിട്ടിക്കൊണ്ടിരിക്കുമോ അത്രയും അത് ജാരിയായ (പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കുന്ന) സ്വദഖയാണ്. 'അല്ലെങ്കിൽ ഒരു ഈത്തപ്പന നട്ടാലത്, അല്ലെങ്കിൽ ഒരു പള്ളി നിർമിച്ചാലത്, അല്ലെങ്കിൽ മുസ്ഹഫ് ദാനം ചെയ്താലത്'. ഇതിൽ പള്ളിയുണ്ടാക്കിയാലും മുസ്ഹഫ് ദാനം ചെയ്താലുമുള്ള പ്രതിഫലത്തെക്കുറിച്ച് നമുക്ക് നല്ല ബോധമുണ്ട്. ബാക്കിയുള്ള കാര്യങ്ങളെ അത് കേവല ഭൗതിക കാര്യങ്ങളെന്ന നിലക്ക് നമ്മുടെ ജീവിതത്തിൽനിന്ന് അകറ്റി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഒരു കൃഷിഭൂമി വാങ്ങി. വിൽക്കാൻ വേണ്ടിയാണ് വാങ്ങിയത്. ആ വാങ്ങിയ സന്ദർഭത്തിൽ നാം അതിൽ കുറേ തൈകൾ നട്ടെന്ന് വിചാരിക്കുക. അതുകൊണ്ട് പ്രത്യേകമായിട്ടൊരു ലാഭമൊന്നും കിട്ടിയിട്ടില്ലെങ്കിലും അത് മറ്റൊരാൾ വാങ്ങി അയാൾക്കോ അയാളുടെ കുടുംബത്തിനോ 25 ആളുകൾ കൈമാറി അവരുടെയൊക്കെ കുടുംബങ്ങൾക്കോ ഉപകാരപ്പെട്ടാലും ഈ നട്ടതിന്റെ പ്രതിഫലം നട്ടവനു തന്നെ കിട്ടുമെന്ന് വന്നാൽ എന്തു മനോഹരമായൊരു കാഴ്ചപ്പാടാണത്! അതുകൊണ്ട് പറയുന്നു; നിങ്ങൾ ഭൂമിയിലേക്കിറങ്ങുക. ഭൂമിയിൽ അധ്വാനിക്കുക. ഭൂമിയിൽ അധ്വാനിക്കാതെ, സ്റ്റേഡിയത്തിൽനിന്ന് ബീച്ചിലേക്കും ബീച്ചിൽനിന്ന് സ്റ്റേഡിയത്തിലേക്കും ഓടാനാണ് ആളുകൾ സമയം കണ്ടെത്തുന്നത്. തടിയൊന്നിളക്കിക്കിട്ടണ്ടേ, അതിനു നടക്കണം, ഓടണം. എന്നാൽ ഭൂമിയിൽ അധ്വാനിച്ച് തടിയൊന്നിളകിക്കൂടേ എന്നു ചോദിച്ചാൽ, അതിനു ഭൂമിയെവിടെ എന്നാണ് തിരിച്ചു ചോദിക്കുന്നത്. ഭൂമിയുള്ള സ്ഥലങ്ങളുണ്ട്. നമ്മുടെ കൈയിലുള്ള ഭൂമി തന്നെ ഇതിനൊന്നും പറ്റാത്ത ഇടങ്ങളാക്കി നാം മാറ്റിക്കഴിഞ്ഞു എന്നു മാത്രമേയുള്ളൂ. അവശേഷിക്കുന്ന ഭൂമിയിലെങ്കിലും കൈകൊണ്ടും മെയ് കൊണ്ടും അധ്വാനിക്കാൻ, എന്നിട്ട് ഈ പ്രകൃതിയെയും ഭൂമിയെയും ജീവത്താക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. റസൂലുല്ലാഹി(സ) ആവർത്തിച്ച് നമ്മെ ഉണർത്തിയ കാര്യമാണിത്. മാത്രമല്ല, ഫിഖ്ഹിന്റെ പണ്ഡിതന്മാർ ഒന്നൊഴിയാതെ പറയുന്നത്, കൃഷി സാമൂഹിക ബാധ്യതയാണ്, കൃഷി ചെയ്യാൻ ആളുകളെ നിർബന്ധിക്കേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ് എന്നാണ്.

കൃഷിയിലേക്ക് പ്രവേശിക്കാൻ, മരം നടാൻ ഏറ്റവും പറ്റിയ കാലാവസ്ഥയിലും സന്ദർഭത്തിലുമാണ് ഇപ്പോൾ നാമുള്ളത്. ഈ പ്രവൃത്തിക്കു വേണ്ടി, ഭാവിക്കു വേണ്ടി എന്തെങ്കിലും ചെയ്യുമെന്ന് നാം തീരുമാനിക്കുക. ■

കോഴിക്കോട് ലുഅ്ലുഅ് മസ്ജിദിൽ നടത്തിയ ജുമുഅ പ്രഭാഷണം